# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം .*673

13/07/2012 - ൽ മറുപടിയ്ക്ക്

## സ്കൂളുകളിലെ ഔഷധത്തോട്ട പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പാലോട് രവി<br>ശ്രീ. എ. റ്റി. ജോർജ് | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | സ്കൂളുകളിലെ ഔഷധത്തോട്ട പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | 1. ഔഷധ സസ്യസമ്പത്തിന്റെ സംരക്ഷണം, കൃഷി, ശാസ്ത്രീയ ഉപയോഗം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുക<br>2. സ്കൂളുകളുടെ പരിസരത്ത് ഹരിതസമ്പത്ത് വർദ്ധിപ്പിച്ച് പരിസര സംരക്ഷണം ഉറപ്പുവരുത്തുക<br>3. മരങ്ങൾ, സസ്യങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രചോദനം കുട്ടികൾക്ക് നൽകുക<br>4. തദ്ദേശിയവും വംശനാശ ഭീഷണി നേരിടുന്നവയുമായ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുക<br>5. സ്കൂളുകളുടെ പരിസരത്ത് ലഭ്യമായ സ്ഥലം ഔഷധ സസ്യസംരക്ഷണത്തിനായി പ്രയോജനപ്പെടുത്തുക<br>6. ഔഷധ സസ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, ചികിത്സാ സമ്പ്രദായത്തിൽ അവയ്ക്കുള്ള സ്ഥാനത്തെക്കുറിച്ചും പൊതുജനങ്ങളിലും, വിദ്യാർത്ഥികളിലും വിജ്ഞാന വ്യാപനം നടത്തുക |

7. സ്കൂൾ പരിസരത്ത് ആരോഗ്യകരമായ ഒരു ഹരിതാന്തരീക്ഷം ഉണ്ടാക്കിയെടുക്കുക

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ആയത് ന ടപ്പാക്കുന്നത്; | (ബി) | സർക്കാർ വകുപ്പുകൾ, സർക്കാരിതര സംഘടനകൾ എന്നിവയുടെ സഹായത്തോടെയാണ് മേൽ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. ഏജൻസികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.<br>1. കേരള വനംവകുപ്പ് സാമൂഹ്യവനവൽക്കരണ വിഭാഗം<br>2. സർക്കാർ ആയുർവേദ ഗവേഷണ കേന്ദ്രം, പൂജപ്പുര, തിരുവനന്തപുരം<br>3. കേരള വനഗവേഷണകേന്ദ്രം, പീച്ചി, തൃശ്ശൂർ<br>4. ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, തൃശ്ശൂർ<br>5. ഓയിസ്കാ (OISCA), ഇന്റർനാഷണൽ കോഴിക്കോട് |
| (സി) | ഇതിന് ധനസഹായം നൽകുന്നത് ആരാണ്; വിശദാംശം ലഭ്യമാക്കുമോ; | (സി) | കേന്ദ്ര ആരോഗ്യവകുപ്പിന്കീഴിലുള്ള ദേശീയ ഔഷധസസ്യ ബോർഡാണ് (NMPB) മേൽ പദ്ധതിക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്. ദേശീയ ഔഷധ സസ്യബോർഡിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് വേണ്ടി വിവിധങ്ങളായ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ സംസ്ഥാനഔഷധ സസ്യബോർഡിന്റെ നിബന്ധനകൾക്ക് വിധേയമായിപദ്ധതികൾ സമർപ്പിക്കുകയും, ഈ പദ്ധതികൾ സംസ്ഥാന ഔഷധ സസ്യബോർഡിന്റെ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് അർഹമായ പദ്ധതികൾ ദേശീയ ഔഷധ സസ്യബോർഡിലേക്ക് സാമ്പത്തികസഹായം ലഭിക്കുന്നതിന് വേണ്ടി ശുപാർശ ചെയ്യുകയുമാണ് ചെയ്യുന്നത് |

| | | | |
|---|---|---|---|
| (ഡി) | ഔഷധത്തോട്ടം തയ്യാറാക്കിക്കൊടുക്കുന്നത് ആരാണ് ? | (ഡി) | ഔഷധച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിനുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ, സ്കൂളിലെ കുട്ടികളും അദ്ധ്യാപകരും അടങ്ങുന്ന ക്ലബ്ബുകൾ രൂപീകരിച്ച് ആ ക്ലബ്ബുകൾ മുഖേനയാണ് ഔഷധത്തോട്ടം നിർമ്മിക്കുന്നത്. |

സെക്ഷൻ ഓഫീസർ